## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2338 | 12.02.2020 - ൽ മറുപടിക്ക് |
|---|---|

## ജി.എസ്.ടി വഴിയും ആംനസ്റ്റി സ്കീം വഴിയും സമാഹരിച്ച തുക

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. അനിൽ അക്കര | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | ജി.എസ്.ടി. വഴിയും ആംനസ്റ്റി സ്കീം വഴിയും ഈ സാമ്പത്തിക വർഷം എത്ര കോടി രൂപ സമാഹരിക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്; അതിന് സ്വീകരിച്ച മാർഗ്ഗങ്ങൾ വിശദമാക്കുമോ; | (എ) | ജി.എസ്.ടി. വഴിയും ആംനസ്റ്റി സ്കീം വഴിയും ഉൾപ്പെടെ ഈ സാമ്പത്തിക വർഷം സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ 52959.79 കോടി രൂപ സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. അതിന് സ്വീകരിച്ച മാർഗ്ഗങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ ലഭ്യമാകുമ്പോൾ നികുതി കണക്കുകൾ സ്ക്രൂട്ടണൈസ് ചെയ്ത് വ്യാപാരികളുടെ വില്പന, വാങ്ങൽ വൗച്ചർ താരതമ്യപ്പെടുത്തി അനധികൃതമായി ഇൻപുട്ട് ക്രഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ചു കാണിച്ചതുമെല്ലാം കണ്ടുപിടിക്കാനാകും. നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചു പിടിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. വാർഷിക റിട്ടേൺ നൽകേണ്ട അവസാന തീയതി 2020 ഫെബ്രുവരി 7 വരെ ജി.എസ്.ടി. കൗൺസിൽ നീട്ടി നൽകിയിരുന്നു.<br><br>2. ജി.എസ്.ടി.ആർ.-2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ. 3 ബി, ജി.എസ്.ടി.ആർ.1 ഇവ തമ്മിലുള്ള താരതമ്യം, ഈ-വേ ബിൽ ഡേറ്റാ എന്നിവ യഥാസമയം പരിശോധനാ |

| | | | |
|---|---|---|---|
| | | | വിധേയമാക്കി നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>3. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം (എ.എൻ.പി.ആർ) പരീക്ഷണാടിസ്ഥാനത്തിൽ വാളയാർ ഹൈവേയിൽ നടപ്പിലാക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കു വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബിൽ ഉണ്ടോ എന്ന് ഉറപ്പു വരുത്തുവാൻ പറ്റുമെന്ന് തെളിഞ്ഞിട്ടുണ്ട്. ഇ-വേ ബിൽ ഇല്ലാത്ത പക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഇതിനെ സംബന്ധിച്ച് പ്രധാന അതിർത്തി മേഖലകളിൽ ഈ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള കരാർ നടപടികൾ പൂർത്തിയായി കഴിഞ്ഞു. GSTN തത്സംബന്ധമായ ഇ-വേ ബിൽ ഡേറ്റ തരുന്നതിനുള്ള സാങ്കേതിക സംവിധാനവും ലഭിച്ചു. ഇത് 2020 എപ്രിൽ മാസത്തോട് കൂടി പൂർണ്ണമായും ഉപയോഗമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.<br><br>4. KSEB, Polution Control Board, Food & Safety വകുപ്പ് എന്നിവിടങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിച്ച് അവ റിട്ടേണുമായി ഒത്തുനോക്കുന്ന പ്രക്രിയ തുടർന്നു വരുന്നു.<br><br>5. റിട്ടേൺ ഫയൽ ചെയ്യാത്തവരെ കണ്ടുപിടിച്ച് നൽകേണ്ട നികുതിയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് നോട്ടീസ് നൽകി അസസ്സ്മെന്റുകൾ പൂർത്തിയാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | 6. ജി.എസ്.ടി. Back-end സംവിധാനം ഉപയോഗിച്ച് റിട്ടേണിലെ പൊരുത്തക്കേട് വിശദീകരിക്കുവാൻ വ്യാപാരികൾക്ക് നോട്ടീസ് നല്കുന്നു.<br><br>7. നികുതി ചോർച്ച കണ്ടെത്തുന്നതിനും ശ്രദ്ധ കേന്ദ്രീകരിക്കേണ്ട ഫയലുകൾ കണ്ടെത്തുന്നതിനുമായി Indian Institute of Information Techonogly Kerala യുമായി ചേർന്ന് വകുപ്പിന് Data Analytic സംവിധാനം ഏർപ്പെടുത്തി.<br><br>8. റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജിൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>9. നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ച് വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ചരക്ക് സേവന നികുതി വിതരണക്കാർക്കും ഉപഭോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | ഇതുവരെ ജി.എസ്.ടി വഴിയും ആംനസ്റ്റി സ്കീം വഴിയും സമാഹരിച്ച തുക എത്രയാണെന്ന് അറിയിക്കാമോ? | (ബി) | ഇതുവരെ ആംനസ്റ്റി സ്കീം പ്രകാരം ലഭിച്ച 138.14 കോടി രൂപ ഉൾപ്പെടെ ആകെ ലഭിച്ചത് 36078.14 കോടി രൂപ (31.01.2020 വരെ) ആണ്. |

സെക്ഷൻ ഓഫീസർ